# എസ്. എച്ച്. എച്ച്. എസ്. എസ്

# മൈലപ്ര

# ചിരാത്

# ബഷീർ അനുസ്മരണിക 2018 – 19



# എന്റെ വിദ്യാർത്ഥികളോട്.....

മൂല്യവത്തായ വിദ്യാഭ്യാസം മനഃശക്തി വർദ്ധിപ്പിക്കുന്നതിനും സ്വഭാവരൂപീകരണത്തിനും സഹായിക്കുന്നു. വിദ്യാലയം ഒരു സ്ഥാപനം എന്നതിലുപരി ഭാവി രൂപപ്പെടുത്തുന്നതിനും ബുദ്ധിമാന്മാരെ വളർത്തുന്നതിനും കഴിവുകൾ വികസിപ്പിക്കുന്നതിനും സഹായിക്കുന്ന ഒരു വഴിവിളക്കാണ്.എന്നാൽ മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് ഇന്നത്തെ വിദ്യാർത്ഥികൾ ജീവിക്കുന്നത്. വ്യക്തിത്വ വികസനത്തിന് ശരിയായ ശിക്ഷണവും അനുസരണവും കൂടിയേ തീരൂ. ഇത് നാം സ്വായത്തമാക്കേണ്ടത് ഓരോ വ്യക്തയുടെയും ശരിയായ പെരുമാറ്റരീതിയിലൂടെയാണ്. ബുദ്ധിവികാസമാണ് വിദ്യാഭ്യാസത്തിന്റെ പരമായ ലക്ഷ്യം.

മാതാ പിതാ ഗുരു ദൈവം എന്നാണ് ഋഷീശ്വരന്മാർ വേദങ്ങളിൽ പറഞ്ഞിട്ടുള്ളത്. ഇതിൽനിന്ന് വളരെയകലെയാണ് ഇന്നത്തെ വിദ്യാർത്ഥിസമൂഹം. വിദ്യാർത്ഥികളുടെ ചിന്തയും പ്രവർത്തിയും ശുദ്ധമാകണം. ഇങ്ങനെ മൂല്യബോധമുള്ള ഒരു ശിഷ്യസമൂഹം ഇവിടെനിന്നും പുനർജനിക്കട്ടെ എന്നാശംസിക്കുന്നു.

സ്കൂളിന്റെ പ്രവർത്തനങ്ങളെയും വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സൃഷ്ടികളെയും കോർത്തിണക്കി അവ പ്രതിഫലിപ്പിക്കുന്ന ഈ "ഓർമ്മച്ചെപ്പ് " നിങ്ങളുടെ മുന്നിൽ സമർപ്പിക്കുമ്പോൾ ഞാൻ ഏറെ സന്തോഷവാനാണ്.ഈ ആക്കാദമിക വർഷം മികച്ച പ്രവർത്തനങ്ങളാൽ ഈ വിദ്യാലയത്തെ പ്രശസ്തിയുടെ പാരമ്യത്തിലെത്തിച്ച വിദ്യാർത്ഥികളെയും ഒപ്പം നിന്ന് കൈപിടിച്ചുയർത്തിയ അധ്യപക-അനധ്യാപക രക്ഷിതാക്കളെയും ഞാൻ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ ചിരാത് നിങ്ങൾക്ക് മുന്നിൽ ഞാൻ അഭിമാനപുരസരം സമർപ്പിക്കട്ടെ.

നന്മകൾ നേർന്നുകൊണ്ട്

**എന്ന് ഹെഡ്മാസ്റ്റർ**

**നന്മ ലക്ഷ്യം വെച്ചുകൊണ്ട് വിവര സാങ്കേതിക വിദ്യയിൽ അറിവു നേടുന്നതിനായി .നന്മയുടെ തിരിനാളം കോളുത്തിക്കൊണ്ട് വിവര സാങ്കേതിക വിദ്യയുടെ പുത്തൻ ലോകത്തിലേക്ക് കടന്നു വന്ന് എല്ലാ ക്കുട്ടുകാരെയും അവരുടെ സാഹിത്യ സ്രുഷ്ടികളെയും**

"ചിരാത് " എന്ന ഈ ഡിജിറ്റൽ മാഗസീനിൽ അവതരിപ്പിച്ചുകൊണ്ടും നന്മ ലക്ഷ്യം വെച്ചു കൊണ്ടു സമർപ്പിച്ചുകൊള്ളുന്നു എന്ന് സ്നേഹപൂർവം

**എഡിറ്റർ .**



# നന്മയുടെ ഗൃഹം

നന്മകൾ മാത്രം തരുന്ന
എൻ സ്വപ്ന കൂടാരമാ
ണെൻ കുഞ്ഞു ഗൃഹം
പിച്ചവെച്ചോടി കളിച്ചപ്പോൾ
വീഴാതെ കൈപിടിച്ചയെന്റെ
മാതാപിതാക്കൾ വസിക്കും ഗൃഹം

ഇടവും വലവും നടക്കുന്ന
എൻ സ്വന്ത സോദരർ
വാഴുന്നതാണെൻ ഗൃഹം

അറിവിന്റെ ആദ്യാക്ഷരങ്ങൾ
പകർന്നതന്നതാമമ്മ
പ്രാർത്ഥനയോടെ വസിക്കുന്ന എന്റെ ഗൃഹം

എൻ സ്വപ്നങ്ങൾക്ക ചിറകു-
മുളക്കുമ്പോൾ
നന്മഗേഹത്തെ ഓർത്തിടും ഞാൻ.......

ജിബിന്

9D

# കുസൃതി ചോദ്യങ്ങൾ

1.മലയാളിയുടെ അദ്യത്തെ അക്ഷരം?

ഉ. മ

2. എല്ലാവർക്കുമുഴള്ള ഈ ഡ്രസ്സ് പക്ഷേ ആരും ധരിക്കാറില്ല ഏത് ഡ്രസ്സ് ?

ഉ. അഡ്രസ്സ്

3. പന്തയക്കുതിര കഴിക്കുന്ന ഫുഡ് ?

ഉ. ഫാസ്റ്റ് ഫുഡ്

4. പപ്പ രണ്ടു കോഴികളെ വാങ്ങി കുറെനാൾ കഴിഞ്ഞപ്പോൾ ഒന്ന് ചത്തു പക്ഷേ രണ്ട് ബാക്കി

അതെങ്ങനെ ?

ഉ. ഒരു കോഴിയുടെ പേര് ഒന്ന് രണ്ടാമത്തെ കോഴിയുടെ പേര് രണ്ട്.

ഒന്ന് ചത്തപ്പൾ രണ്ട് ബാക്കിയായി

5.ഗാന്ധിജി കാണാത്ത ഇന്ത്യ ?

ഉ.മിസ് ഇന്ത്യ

6.ഇന്ത്യലെ ഉത്തരം നൽകുന്ന നാട് ഏത് ?

ഉ.ഉത്തർപ്രദേശ്

7.ഏറ്റവും വലിയ ഗേറ്റ് ?

ഉ.കോൾഗേറ്റ്

8.കഴുത്തിലണിയാൻ പറ്റാത്ത മാല ?

ഉ.അക്ഷരമാല

9.നിങ്ങൾ അടുക്കളയിൽ കയറുമ്പോൾ ആദ്യമായി വയ്ക്കുന്നത് എന്ത് ?

ഉ.കാല് വയ്ക്കുന്നു

10.ആർക്കും വാക്ക് പാലിക്കാൻ പറ്റാത്ത ദിവസം ?

ഉ.ഫെബ്രുവരി 30 ന്

മെജോ

9 D

# മിന്നാമിന്നി

മിന്നിമിന്നി  പറക്കും മിന്നാമിന്നികൾ

മാനത്തുടെ പറക്കും മിന്നാമിന്നികൾ

മൂളി മൂളി പറക്കും  മിന്നാമിന്നിക്കൾ

എന്റെ ചുറ്റും  കറങ്ങും മിന്നാമിന്നികൾ

പയ്യെ പയ്യെ കറങ്ങി മിന്നാമിന്നികൾ

മിന്നിമിന്നി കളിച്ചു മിന്നാമിന്നികൾ

മിന്നിമിന്നി രസിച്ചു മിന്നാമിന്നികൾ

പയ്യെ പയ്യെ ഉയരും മിന്നാമിന്നികൾ

എന്റെ കൂടെ കളക്കാൻ പോരു നീ....


സാന്ദ്രാ

9 D

# ഞാൻ

അക്ഷരമാണെൻ ആയുധം
ആഞ്ഞടിക്കും ഞാനതുകൊണ്ട്
കവിതയാണെൻ പ്രണയം
സ്േനഹിക്കും ഞാനതിനെ
പുസ്തകമാണെൻ നാഥൻ
നൽകും ഞാനെൻ ജന്മം പോലും,
പൂക്കളാണെൻ ചങ്ങാതി
ലോല ഹൃദയരാണവർ......
നീലാകാശമാണെൻ ഹൃദയം
അത്ര വിശാലം തന്നെ.....
പ്രകൃതിയാണെൻ ശരീരം
സൂക്ഷിക്കും കരുതലോടെ,
അമ്മയാണെൻ ദൈവം

*ഭക്തിയുണ്ടാവും മരണം വരെ....*
*അധ്യാപികയാണെൻ അമ്മ*
*ബഹുമാനിക്കും എന്നും എപ്പോഴും,*
*കിളികളാണെൻ സ്വപ്നം*
*പറന്നുയർന്നുകൊണ്ടേയിരിക്കുന്നു*
*നീർമഴയാണെൻ വികാരം*
*പെയ്യുന്നു അവ പലതായ്,*
*വസന്തമാണെൻ സന്തോഷം*
*എന്നും വിരിഞ്ഞുകൊണ്ടേയിരിക്കുന്നു....*
*ജനനമാണെൻ സൗഭാഗ്യം*
*നന്ദി,ജഗദീശ്വരാ....*
*മരണമാണെൻ ആനന്ദം*
*കാത്തിരിക്കുന്നു അവൻ തൻ വരവിനായി*

*എമിൽ*

9 C

# കാക്കേവാ....

# കുരുവീ വാ...

കാക്കേ വാ കുരുവി വാ
കാട്ടിൽ ചെന്നു കളിക്കാൻ വാ
പാടുന്നു പറയുന്നു
നാടൻ മൈന ചിലക്കുന്നു
വരു കാറ്റേ പൂമ്പാറ്റേ
വയലിലിരിക്കും കുഞ്ഞാറ്റേ
പൂവുണ്ട് മൊട്ടുണ്ട്
പൂശാൻ പൂമ്പൊടിയിവിടുണ്ട്
മുയലുകളെ മയിലുകളെ
മാങ്കൊമ്പത്തെക്കുയിലുകളേ
പാടുന്നു പറയുന്നു
നാടൻ മൈനവിളിക്കുന്നു
എല്ലാവരും വന്നാട്ടെ
എന്നുടെ ചുറ്റമിരുന്നോട്ടെ
മരമുണ്ടേ തണലുണ്ടേ
ഒരുമിച്ചാലൊരു രസമുണ്ടേ

അജ്മൽ

9 B

# ജീവിതം

*ദൈവ സൃഷ്ടിയൽ കിട്ടി എനിക്കീ ജീവിതം*
*നല്ലതു ചെയ്യുവാൻ കിട്ടി എനിക്കീ ജീവിതം*
*മറിച്ചോദൈവ സൃഷ്ടിയിൽ കിട്ടി എനിക്കീ ജീവിതം*
*തിന്മകൾ ചെയ്താൽ എന്ത് വില ജീവന്*
*ദൈവം തന്ന ജീവിതം നല്ലതിനുപയോഗിക്കു*
*തിന്മകൾ ചെയ്താൽ കിട്ടും ഒരിക്കൽ ദൈവശിക്ഷ*
*മറിച്ചോ നന്മകൾ ചെയ്താൽ ദൈവകൃപ ലഭിക്കും*
*അവസാന നാളിൽ ജീവന് വേണ്ടി*
*കൊതിക്കുമ്പോൾ ഓർക്കും ജീവൻറെ വില.......*

*അക്സ*

*10A*

# <u>**എന്റെ അമ്മ**</u>

*എന്നുയർന്നാലും എന്റെ വീഴ്ചയിലും*
*താങ്ങായി നിൽക്കുന്നൊരെന്റെ അമ്മ*
*എന്റെ വേദനകളെന്നേക്കാൾ മുന്നേ*
*അറിഞ്ഞെനിക്കു മുന്നിലുപായമായെ*
*<u>ത്തു</u>ന്നൊരെന്റെ അമ്മ.*
*തളരാതെ എപ്പോഴും ഊർജസ്വലത-*
*യോടെന്നെ തലോടിയെന്റെ*
*തകർച്ചകൾ തീർക്കുന്നൊരെന്റെ അമ്മ*
*സ്വാദോടെ ഇഷ്ട വിഭവങ്ങൾ*
*വിളമ്പിത്തരുമ്പോൾ വാചാലരാകുന്ന*
*മക്കൾക്കുമുമ്പിൽ ക്ഷമയോടെ*
*കാത്തിരിക്കുന്നോരെന്റെ അമ്മ*
*പോരെന്നു പറയുമ്പോ പരിഭവമില്ലാതെ*
*നാളയാവട്ടെയെന്നോതുന്ന*
*സ്നേഹസ്വരൂപിണി എന്റെ അമ്മ*
*പരിഭവം പറയാതെ ദുരിതങ്ങ -*
*ളറിയാതെ എപ്പോഴും*
*കൂട്ടെനിക്കെന്റെ അമ്മ .*

ബെനോ

9 D

# മുയൽക്കുട്ടനും കഴുതയും

ഒരിടത്ത് ഒരിടത്ത് ചീക്കു എന്ന പേരുള്ള മുയൽ കുട്ടനും,അപ്പു എന്നു പേരുള്ള കഴുതയും ഉണ്ടായിരുന്നു . അവർ ഭയങ്കര കൂട്ടുകാരായിരുന്നു . എന്നും തന്റെ ഈ കൂട്ടുകാരനായ അപ്പുവിനെ ചിക്കു കളിയാക്കുമായിരുന്നു. എടാ , മണ്ടാ നിന്നെ കാൽക്കാശിന് കൊള്ളത്തില്ല എന്ന് പറയുമായിരുന്നു . പക്ഷേ അപ്പു ഈ മുയൽ കുട്ടനെ ഒന്നും പറയില്ലായരുന്നു. പിറ്റെ ദിവസം ചിക്കുവിനെന്തോ അസുഖം പിടിപെട്ടു . അവന്റെ രോമമെല്ലാം പൊഴിഞ്ഞു പോയി . പിന്നെ അവനെ കാണാൻ തീരെ ഭംഗിയില്ലാതെയായി . അപ്പോഴെല്ലാം അപ്പു അവനെ ചേർത്തു നിർത്തി . പിന്നീട് അവന്റെ അസുഖമെല്ലാം മാറി പഴയതുപോലെ ആയി പിന്നെ ചിക്കു ആരെയും കളിയാക്കിയിട്ടില്ല.

റിൻസൺ

6 c

# ഒരു മഴത്തുള്ളി

ഒരു മഴത്തുള്ളിയായി നീയെൻ
ഉള്ളിൽ പതിച്ചപ്പോൾ
എൻ മനം കവർന്നു നീ

നിൻ ശബ്ദമെൻ കാതുകളിൽ
പതിച്ചപ്പോൾ
എൻ മനം കുളിർമയായി മാറി

നിൻ സ്നേഹത്താലെൻ
വേദനകൾ പോയ് മറഞ്ഞത്
അറിഞ്ഞില്ല ഞാൻ

നിൻ കുളിർമയെന്നിലേക്ക്
പതിച്ചപ്പോൾ
എൻ മനം കുളിർന്നില്ലേ

നിൻ വീര്യം ഉൾക്കൊണ്ട ഞാൻ
ഒരു സ്നേഹഗാഥയായി തീർന്നപോലെ

നിൻ പ്രവാഹങ്ങളെന്നിൽ
അലയടിക്കുമ്പോൾ
എൻ ദുഃഖങ്ങൾ മാഞ്ഞുപോയപോലെ

എൻ ജീവിതത്തെ മാറ്റിമറിച്ചപ്പോൾ നീ
എൻ മനസ്സിൽ ഒരു നിലാവായ് തെളിഞ്ഞു

ഓ എന്റെ കുളിർമഴയെ നീ
നന്നായി പെയ്തിറങ്ങി
*ധരയെ നനച്ച ലാളിച്ചുവല്ലോ.*

# സമയത്തിന്റ

# വില

ഒരു വർഷത്തെ വിലയറിയണമെങ്കിൽ

പരീക്ഷയിൽ തോറ്റ് ഒരു കൊല്ലം നഷ്ടമായ കുട്ടിയോട് ചോദിക്കൂ !

ഒരു മാസത്തെ വിലയറിയണമെങ്കിൽ

മാസം തികയും മുമ്പ് കുഞ്ഞിനെപ്രസവിച്ച അമ്മയോട് ചോദിക്കൂ !

ഒരു ആഴ്ചയുടെ വിലയറിയണമെങ്കിൽ

ഒരു വാരികയുടെ പത്രാധിപരോട് ചോദിക്കൂ !

ഒരു ദിവസത്തെ വിലയറിയണമെങ്കിൽ

കാത്തു കഴിയുന്നവരോട് ചോദിക്കൂ !

ഒരു മിനിറ്റിന്റ വിലയറിയണമെങ്കിൽ

ട്രെയിൻ നഷ്ടപ്പെട്ട് സ്റ്റേഷനിൽ കുത്തിയിരിക്കുന്ന

ആളോടു ചോദിക്കൂ !

ഒരു സെക്കന്റിന്റെ വിലയറിയണമെങ്കിൽ

ഓട്ട മത്സരത്തിൽ സ്വർണ്ണം നഷ്ടപ്പെട്ടവരൊട് ചോദിക്കൂ !

ഒരു മില്ലിസെക്കന്റിന്റെ വിലയറിയണമെങ്കിൽ

വാഹനാപകടത്തിൽ നിന്ന് കഷ്ടിച്ച്

രക്ഷപ്പെട്ടവരോട് ചോദിക്കൂ

മനസ് 9D

# എന്റെ വിദ്യാലയം

ഞാൻ അദ്യമായി പഠിച്ച ലോകം

ഞാൻ അദ്യമായി ജിവിക്കാൻ പഠിച്ച

ലോകമാണെന്റെ വിദ്യലയം

നല്ല നല്ല അദ്ധ്യാപികമാരും

നല്ല നല്ല സുഹ്യത്തുക്കളെ കണ്ട

ലോകമാണെന്റെ വിദ്യാലയം

നല്ല അറിവുകൾ തന്ന ലോകം

എന്റെ വിജയത്തിന്റെ ഒരോ പടികളും

ഞാൻ ഒരിക്കലും മറക്കാത്ത ലോക

മാണെൻ വിദ്യാലയം........

മെജോ


*9 D*











# ഉപസംഹാരം

ചിരാത് എന്ന വിവര സാങ്കേതിക വിദ്യയുടെ അനന്ത നീലിമയിലേക്ക് വിദ്യയുടെ വർണപ്രപഞ്ചം തീർത്ത് പുതിയ ആകാശത്തിലേക്ക് കൈപിടിച്ചുയർത്തിയ എല്ലാ കൂട്ടുകാർക്കും

ഒരായിരം.....

*നന്ദി....!*

